# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്,തിരുവനന്തപുരം-695003,04712314288
email:dcotdb@gmail.com

## വിജ്ഞാപനം

കൊല്ലവർഷം 1201-ശബരിമല, മാളികപ്പുറം ദേവസ്വങ്ങളിൽ മേൽശാന്തിമാരുടെ നിയമനം സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊല്ലവർഷം 1201-ലെ ശബരിമല/മാളികപ്പുറം ദേവസ്വങ്ങളിലെ മേൽശാന്തിമാരായി തെരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകർ 1201 ചിങ്ങമാസം 1–ാം തീയതി 35 വയസ്സിനും 58 വയസ്സിനും ഇട യിൽ പ്രായമുള്ളവരും SSLC-യോ,തത്തുല്യ പരീക്ഷയോ പാസ്സായ വരും രണ്ട് നേരം നട തുറന്നിരിക്കുന്നതും പീഠ പൂജ, മൂർത്തീ പൂജ, പ്രസന്ന പൂജ, നിവേദ്യം എന്നിവ ഉൾപ്പെടെ പൂർത്തീകരിക്കുന്ന തരത്തിൽ 3 പൂജകൾ (ഉഷപൂജ, ഉച്ച പൂജ, അത്താഴ പൂജ) ഉള്ളതും എല്ലാ ദിവസങ്ങളിലും പൊതുജനങ്ങൾക്ക് ദർശനത്തിന് അവസരം നൽകുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ ആകെ പന്ത്രണ്ട് വർഷങ്ങളിൽ പത്ത് വർഷങ്ങളിലെ തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ളവരും സൽസ്വാഭാവികളും, സദാചാര വിരുദ്ധ നടപടികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും നല്ല ശാന്തിക്കാരൻ എന്ന നിലയിൽ സമൂഹത്തിൽ അംഗീകാരമുള്ളവരും ക്രിമിനൽ കേസിൽ പ്രതി ചേർക്കുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത വരും അംഗവൈകല്യങ്ങളോ, ഗുരുതരമായ അസുഖങ്ങളോ ഇല്ലാത്ത വരും നിലവിൽ പൂർണ്ണമായി ശാന്തി ജോലി നോക്കുന്നവരും സംസ്കൃത ഭാഷയിലും ശബരിമല, മാളികപ്പുറം ദേവ സങ്കൽപ്പങ്ങ ളിലും ആചാരാനുഷ്ഠാനങ്ങളിലും അറിവുള്ളവരും ആയ കേരള ത്തിൽ ജനിച്ചതും, കേരളീയാചാര പ്രകാരം പൂജ/താന്ത്രിക കർമ്മ ങ്ങൾ അഭ്യസിച്ചിട്ടുള്ളവരും ആയ മലയാള ബ്രാഹ്മണർ ആയിരിക്കണം അപേക്ഷകർ ഇപ്പോൾ പൂർണ്ണമായും മേൽശാന്തി ജോലി നോക്കുന്ന വർ ആയിരിക്കേണ്ടതും സർക്കാർ/അർദ്ധ സർക്കാർ/ മറ്റ് സ്ഥാപനങ്ങ

ളിൽ ജോലി നോക്കുന്നവരോ/ ബിസിനസ്സിലോ മറ്റ് തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവരോ ആയിരിക്കുവാൻ പാടില്ലാത്തതുമാണ്.

ദേവസ്വം ബോർഡിന്റെ കീഴിൽ മാസം മാറാടി വ്യവസ്ഥയിൽ ജോലി നോക്കിയിരുന്നവരിൽ കീഴ്ശാന്തിയായി ജോലി നോക്കിയ കാലയളവും തുടർച്ചയായ സർവ്വീസായി പരിഗണിക്കുന്നതാണ്. ശബരിമല/മാളികപ്പുറം ദേവസ്വങ്ങളിൽ മുൻപ് മേൽശാന്തിയായി ജോലി നോക്കിയിരുന്നവർക്ക് വീണ്ടും ടി ക്ഷേത്രങ്ങളിൽ ഏതിലേയ്ക്കെങ്കിലും മേൽശാന്തിയായി അപേക്ഷിക്കുന്നതിന് കുറഞ്ഞത് പത്ത് വർഷത്തെ ഇടവേള ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷഫാറവും, നിബന്ധനകളും ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (https://travancoredevaswomboard.org) നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, തിരുവനന്തപുരം എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറാവുന്ന ഏതെങ്കിലും നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കിലെ 4000/-രൂപയുടെ (നാലായിരം രൂപ മാത്രം) ഡിമാന്റ് ഡ്രാഫ്റ്റ് ചേർ ത്തിരിക്കേണ്ടതാണ്. ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം നൽകിയിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാത്ത ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. പൂരിപ്പിച്ച അപേക്ഷയും സർട്ടിഫിക്കറ്റുകളുടെ പകർ പ്പും ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ **30.06.2025** തീയതി വൈകുന്നേരം 05.00 മണിക്ക് മുമ്പ് ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് കൊല്ലവർഷം 1201-ലെ ശബരിമല/മാളികപ്പുറം മേൽശാന്തി നിയമനത്തിനുള്ള അപേക്ഷ എന്ന് വ്യക്തമായി എഴുതിയിരി ക്കേണ്ടതാണ്.

Indukumari

ദേവസ്വം കമ്മീഷണർ in charge

DEPUTY DEVASWOM COMMISSIONER
PENSION & SERVICE GRIEVENCE
REDRESSAL CELL
DEVASWAM COMMISSIONER'S OFFICE

ആർ.ഒ.സി. 16/25/എസ്
ദേവസ്വം കമ്മീഷണർ ഓഫീസ്

ROC 16/25/എസ്
ദേവസ്വം കമ്മീഷണർ ഓഫീസ്

**ശബരിമല/മാളികപ്പുറം ദേവസ്വങ്ങളിൽ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിബന്ധനകൾ**

1. അപേക്ഷകൻ കേരളത്തിൽ ജനിച്ചയാളും, കേരളീയ ആചാര പ്രകാരം പൂജ/താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളയാളും, മലയാള ബ്രാഹ്മണനുമായിരിക്കണം
2. അപേക്ഷകന് കൊല്ലവർഷം 1201 ചിങ്ങമാസം ഒന്നാം തീയതി 35 വയസ്സ് പൂർത്തീകരിച്ചിരിക്കേണ്ടതും, കാലാവധി പൂർത്തിയാകുന്ന തുലാം 30-ന് 58 വയസ്സ് കവിയുവാൻ പാടില്ലാത്തതുമാണ്.
3. അപേക്ഷകൻ SSLC-യോ, തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം
4. രണ്ട് നേരം നട തുറന്നിരിക്കുന്നതും, പീഠ പൂജ, മൂർത്തി പൂജ, പ്രസന്ന പൂജ, നിവേദ്യം എന്നിവ ഉൾപ്പെടെ പൂർത്തീകരിക്കുന്ന തരത്തിൽ 3 പൂജകൾ (ഉഷപൂജ, ഉച്ച പൂജ, അത്താഴ പൂജ) ഉള്ളതും എല്ലാ ദിവസങ്ങളിലും പൊതുജനങ്ങൾക്ക് ദർശനത്തിന് അവസരം നൽകുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ ആകെ പന്ത്രണ്ട് വർഷങ്ങളിൽ പത്ത് വർഷങ്ങളിൽ തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ള വ്യക്തിയായിരിക്കണം.(മേൽശാന്തിയായി സേവനമനുഷ്ഠിച്ച് വരവെ പൊതു സ്ഥലമാറ്റങ്ങൾക്ക് വിധേയമായി രണ്ട് ശാന്തിമാർ ജോലി നോക്കുന്ന ക്ഷേത്രങ്ങളിൽ കീഴ്ശാന്തിയായി സേവനം അനുഷ്ഠിക്കേണ്ടി വരുകയും ചെയ്യുന്ന കാലയളവ് കൂടി തുടർച്ചയായ 12 വർഷം സർവ്വീസ് കാലയളവിന് പരിഗണിക്കാവുന്നതാണ് ഇപ്രകാരമുള്ളവർക്ക് കുറഞ്ഞത് 7 വർഷം എങ്കിലും മേൽശാന്തി സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്) അപേക്ഷകർ ബന്ധുവിന്റെ ശവസംസ്ക്കാര ക്രിയകൾ പോലുള്ള കാര്യങ്ങൾക്കായി താൽക്കാലികമായി ശാന്തി ജോലിയിൽ നിന്നും വിട്ട് നിൽക്കേണ്ടി വരുന്ന കാലയളവ് സ്ഥലം മാറ്റത്തേയോ, പുതിയ നിയമനത്തിനേയോ തുടർന്ന്

സർവ്വീസിൽ ഉണ്ടാകുന്ന താൽക്കാലിക വിരാമം, ഏതെങ്കിലും തന്ത്രി യോടൊപ്പമുള്ള പരിശീലന കാലയളവ് പരമാവധി മൂന്ന് മാസം എന്നിവ തുടർച്ചയായി സർവ്വീസ് കണക്കാക്കുമ്പോൾ വിട്ട് നിന്ന കാലയളവായി കണക്കാക്കുന്നതല്ല. കൂടാതെ രണ്ട് മേൽശാന്തിമാർ മാസം, മാറാടി വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ഷേത്രങ്ങളിൽ കീഴ്ശാന്തിയായി ജോലി നോക്കേണ്ടതായി വന്നേക്കാവുന്ന കാലയളവും പ്രസ്തുത പത്ത് വർഷം കണക്കാക്കുന്നതിന് പരിഗണിക്കുന്നതാണ്.

5. അപേക്ഷകൻ സമൂഹത്തിൽ നല്ല ശാന്തിക്കാരൻ എന്ന നിലയിൽ അംഗീകാരമുള്ള വ്യക്തി ആയിരിക്കേണ്ടതും, ദുസ്സ്വഭാവമുള്ള വ്യക്തി ആയിരിക്കാൻ പാടില്ലാത്തതുമാണ്.
6. അപേക്ഷൻ ഏതെങ്കിലും ക്രിമിനൽ കേസിൽ പ്രതി ചേർത്തിട്ടുള്ള ആളായിരിക്കുവാൻ പാടുള്ളതല്ല.
7. ശബരിമല ദേവസ്വത്തിലോ, മാളികപ്പുറം ദേവസ്വത്തിലോ മേൽ ശാന്തിയായി ജോലി ചെയ്തിരുന്നവർ, ആ രണ്ട് ക്ഷേത്രങ്ങളിൽ എവിടെയെങ്കിലും വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിന് അപ്രകാരമുള്ള സേവനം കഴിഞ്ഞ് പത്ത്‌വർഷം പൂർത്തീകരിച്ചിരിക്കേണ്ടതാണ്.
8. അപേക്ഷകൻ അംഗവൈകല്യം ഉള്ളയാളോ, ഗുരുതരമായ അസുഖത്തിന് ചികിൽസ തേടിയിട്ടുള്ളയാളോ, നിലവിൽ ഗുരുതരമായ അസുഖങ്ങൾ ഉള്ളയാളോ ആകുവാൻ പാടില്ല
9. അപേക്ഷ ഫീസ് 4000/-(നാലായിരം രൂപ) ആയിരിക്കും ഓരോ ദേവസ്വത്തിലും അപേക്ഷിക്കുന്നതിന് പ്രത്യേക അപേക്ഷഫാറവും, പ്രത്യേക ഫീസും നൽകേണ്ടതാണ്.
10. അപേക്ഷകൻ നിലവിൽ പൂർണ്ണമായും ശാന്തി ജോലി നോക്കുന്ന വ്യക്തിയായിരിക്കണം.സർക്കാർ/അർദ്ധസർക്കാർ/ മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർക്കോ, ബിസിനസ്സിലോ, മറ്റ് തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവർക്കോ അപേക്ഷ സമർപ്പിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
11. അപേക്ഷകന് സംസ്കൃത ഭാഷയിലും, ശബരിമല/മാളികപ്പുറം ക്ഷേത്രങ്ങളിലെ പ്രതിഷ്ഠാ സങ്കൽപങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും തികഞ്ഞ അറിവുണ്ടായിരിക്കണം.ശൈവ സമ്പ്രദായത്തി

ലുള്ള ആഗമ ശാസ്ത്രവിധികളിലും ശബരിമല/മാളികപ്പുറം ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തന്ത്രശാസ്ത്ര പ്രകാരമുള്ള ആരാധനാ ക്രമങ്ങളിലും മന്ത്രങ്ങളിലും തികഞ്ഞ അവഗാഹമുണ്ടായിരിക്കണം. വേദമന്ത്രോച്ചാരണത്തിൽ സ്ഫുടതയും, അക്ഷരശുദ്ധിയും അർത്ഥബോധവും ഉണ്ടായിരിക്കണം.

12. അപേക്ഷയോടൊപ്പം അപേക്ഷകൻ ചുവടെ ചേർത്തിരിക്കുന്ന രേഖകളോടൊപ്പം നിർദ്ദിഷ്ട മാതൃകയിലുള്ള പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. രേഖകളുടെ പകർപ്പുകൾ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം

1. അപേക്ഷകൻ മലയാള ബ്രാഹ്മണനാണെന്നും. കേരളത്തിൽ ജനിച്ച ആളാണെന്നും തെളിയിക്കുന്നതിനുള്ള വില്ലേജാഫീസറുടെ/ തഹസിൽദാരുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
2. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
4. 01.6.2013 മുതൽ ശാന്തി ജോലി നോക്കിയ ക്ഷേത്രത്തിലെ/ ക്ഷേത്രങ്ങളിലെ ജോലി പരിചയം തെളിയിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ക്ഷേത്ര ഭരണാധികാരിയുടെ പൂർണ്ണമായ പേര്, മേൽ വിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) അപേക്ഷകൻ ദേവസ്വം ബോർഡ് ശാന്തിക്കാരനാണെങ്കിൽ 01.06.2013 മുതൽ അദ്ദേഹം ജോലി ചെയ്തിരുന്ന ക്ഷേത്രങ്ങളും കാലയളവും സർവ്വീസ് ബുക്ക് വ്യക്തമായി പരിശോധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
5. അപേക്ഷകൻ 01.06.2013 മുതൽ ജോലി ചെയ്തിരുന്ന ക്ഷേത്രങ്ങളിലെ തന്ത്രിമാർ നൽകിയ പൂജാ കാര്യങ്ങളിലുള്ള പ്രാഗൽഭ്യത്തെ കുറിച്ചുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
6. അപേക്ഷകൻ ഏതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ, സംശയത്തിന്റെ പേരിൽ വിട്ടയയ്ക്കുകയോ ചെയ്തിട്ടില്ലായെന്നുള്ള സ്ഥിരം മേൽവിലാസത്തിലേയും, ഇപ്പോഴത്തെ മേൽവിലാസം വ്യത്യസ്തമാണെങ്കിൽ അവി

ടത്തേയും അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.കൂടാതെ 10 വർഷക്കാലയളവിൽ വകുപ്പ് തലത്തിൽ ഒരു നടപടിയ്ക്കും വിധേയനായിട്ടില്ലായെന്നും സർവ്വീസ് കാലയളവിൽ വകുപ്പ് തല അച്ചടക്ക നടപടികളിൽ കടുത്ത ശിക്ഷ(മേജർ പണിഷ്മെന്റ്) യ്ക്ക് വിധേയനായിട്ടില്ലായെന്ന് ബന്ധപ്പെട്ട മേലധികാരി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.

7. ദേവസ്വം ബോർഡുകളിലെ ശാന്തിക്കാരനാണെങ്കിൽ സേവന കാലയളവിൽ എന്തെങ്കിലും അച്ചടക്ക നടപടി നേരിടേണ്ടി വന്നിട്ടുണ്ടോ എന്നും അപ്രകാരം ഉണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള വിശദ വിവരവും കാണിക്കുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

8. അപേക്ഷകന് അംഗ വൈകല്യം, ഗുരുതര രോഗങ്ങൾ എന്നിവ ഇല്ലായെന്നും ശാരീരിക ക്ഷമത, കാഴ്ച ശക്തി, കേൾവി ശക്തി എന്നിവയെ കുറിച്ചും സർക്കാർ സർവ്വീസിൽ ഉള്ള സിവിൽ സർജ്ജൻ ഗ്രേഡ്-1/അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

13. ശബരിമല, മാളികപ്പുറംമേൽശാന്തിമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ ശബരിമല സന്നിധാനത്ത് തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന സ്ഥലത്ത് സേവനകാലം മുഴുവൻപുറപ്പെടാ ശാന്തിയായി താമസിക്കേണ്ടതാണ്. അവരുടെ അടിസ്ഥാന താമസ സൗകര്യങ്ങൾ തിരുവിതംകൂർ ദേവസ്വം ബോർഡ്ഏർപ്പെടുത്തുന്നതാണ്.

14. തെരഞ്ഞെടുക്കപ്പെടുന്ന ശാന്തിക്കാർ തുലാമാസം ഒന്നാം തീയതി തന്ത്രിയെ കണ്ട് അനുവാദം വാങ്ങി മുപ്പത് ദിവസം യഥാക്രമം ശബരിമല/മാളികപ്പുറം ദേവസ്വത്തിൽ ഭജനം ഇരിക്കേണ്ടതാണ്.

15. തെരഞ്ഞെടുക്കപ്പെടുന്ന ശാന്തിക്കാർ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് ദേവസ്വം കമ്മീഷണറുടെ പേർക്ക്ഒരു ബോണ്ട് വയ്ക്കേണ്ടതും ബോർഡ് നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി തുക അടയ്ക്കേണ്ടതുമാണ്. ബോണ്ടിലെ വ്യവസ്ഥകൾ സേവന കാലം മുഴുവൻ ബാധക

മായിരിക്കും. മേൽശാന്തിമാരുടെ നിയമനാധികാരി തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ആയിരിക്കും.

ദേവസ്വം കമ്മീഷണർ in charge

DEPUTY DEVASWOM COMMISSIONER
PENSION & SERVICE GRIEVENCE
REDRESSAL CELL
DEVASWOM COMMISSIONER'S OFFICE

*****************************

## ശബരിമല/മാളികപ്പുറം ദേവസ്വങ്ങളിൽ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദേശങ്ങൾ

1. അപേക്ഷകൻ കേരളത്തിൽ ജനിച്ചയാളും, കേരളീയ ആചാര പ്രകാരം പൂജ/താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളയാളും, മലയാള ബ്രാഹ്മണനുമായിരിക്കണം
2. അപേക്ഷകന് തൻവർഷംചിങ്ങമാസം ഒന്നാം തീയതി 35 വയസ്സ് പൂർത്തീകരിച്ചിരിക്കേണ്ടതും, കാലാവധി പൂർത്തിയാകുന്ന തുലാം 30-ന് 58വയസ്സ് കവിയുവാൻ പാടില്ലാത്തതുമാണ്.
3. അപേക്ഷകൻ SSLC-യോ, തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.

4. രണ്ട് നേരം നട തുറന്നിരിക്കുന്നതും, പീഠ പൂജ, മൂർത്തീ പൂജ, പ്രസന്ന പൂജ നിവേദ്യം എന്നിവ ഉൾപ്പെടെ പൂർത്തീകരിക്കുന്ന തരത്തിൽ 3 പൂജകൾ (ഉഷപൂജ, ഉച്ച പൂജ, അത്താഴ പൂജ) ഉള്ളതും എല്ലാ ദിവസങ്ങളിലും പൊതുജനങ്ങൾക്ക് ദർശനത്തിന് അവസരം നൽകുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ ആകെ പന്ത്രണ്ട് വർഷങ്ങളിൽ പത്ത് വർഷങ്ങളിൽ തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ള വ്യക്തിയായിരിക്കണം.(മേൽശാന്തിയായി സേവനമനുഷ്ഠിച്ച് വരവെ പൊതു സ്ഥലമാറ്റങ്ങൾക്ക് വിധേയമായി രണ്ട് ശാന്തിമാർ ജോലി നോക്കുന്ന ക്ഷേത്രങ്ങളിൽ കീഴ്ശാന്തിയായി സേവനം അനുഷ്ഠിക്കേണ്ടി വരുകയും ചെയ്യുന്ന കാലയളവ് കൂടി തുടർച്ചയായ 12 വർഷം സർവ്വീസ് കാലയളവിന് പരിഗണിക്കാമെന്ന് ഇപ്രകാരമുള്ളവർക്ക് കുറഞ്ഞത് 7 വർഷം എങ്കിലും മേൽശാന്തി സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്) അപേക്ഷകർ ബന്ധുവിന്റെ ശവസംസ്ക്കാര ക്രിയകൾ പോലുള്ള കാര്യങ്ങൾക്കായി താൽക്കാലികമായി ശാന്തി ജോലിയിൽ നിന്നും വിട്ട് നിൽക്കേണ്ടി വരുന്ന കാലയളവ് സ്ഥലം മാറ്റത്തേയോ, പുതിയ നിയമനത്തിനേയോ തുടർന്ന് സർവ്വീസിൽ ഉണ്ടാകുന്ന താൽക്കാലിക വിരാമം, ഏതെങ്കിലും തന്ത്രി യോടൊപ്പമുള്ള പരിശീലന കാലയളവ് പരമാ

വധി മൂന്ന് മാസം എന്നിവ തുടർച്ചയായി സർവ്വീസ് കണക്കാക്കുമ്പോൾ വിട്ട് നിന്ന കാലയളവായി കണക്കാക്കുന്നതല്ല. കൂടാതെ രണ്ട് മേൽശാന്തിമാർ മാസം, മാറാടി വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ഷേത്രങ്ങളിൽ കീഴ്ശാന്തിയായി ജോലി നോക്കേണ്ടതായി വന്നേക്കാവുന്ന കാലയളവും പ്രസ്തുത പത്ത് വർഷം കണക്കാക്കുന്നതിന് പരിഗണിക്കുന്നതാണ്.

5. അപേക്ഷകൻ സമൂഹത്തിൽ നല്ല ശാന്തിക്കാരൻ എന്ന നിലയിൽ അംഗീകാരമുള്ള വ്യക്തി ആയിരിക്കേണ്ടതും, ദുസ്സ്വഭാവമുള്ള വ്യക്തി ആയിരിക്കാൻ പാടില്ലാത്തതുമാണ്.
6. അപേക്ഷകൻ എതെങ്കിലും ക്രിമിനൽ കേസിൽ പ്രതി ചേർത്തിട്ടുള്ള ആളായിരിക്കുവാൻ പാടുള്ളതല്ല.
7. ശബരിമല ദേവസ്വത്തിലോ, മാളികപ്പുറം ദേവസ്വത്തിലോ മേൽ ശാന്തിയായി ജോലി ചെയ്തിരുന്നവർ, ആ രണ്ട് ക്ഷേത്രങ്ങളിൽ എവിടെയെങ്കിലും വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിന് അപ്രകാരമുള്ള സേവനം കഴിഞ്ഞ് പത്ത് വർഷം പൂർത്തീകരിച്ചിരിക്കേണ്ടതാണ്.
8. അപേക്ഷകൻ അംഗവൈകല്യം ഉള്ളയാളോ, ഗുരുതരമായ അസുഖത്തിന് ചികിൽസ തേടിയിട്ടുള്ളയാളോ, നിലവിൽ ഗുരുതരമായ അസുഖങ്ങൾ ഉള്ളയാളോ ആകുവാൻ പാടില്ല.
9. അപേക്ഷ ഫീസ് 4000/-(നാലായിരം രൂപ മാത്രം) ആയിരിക്കും ഓരോ ദേവസ്വത്തിലും അപേക്ഷിക്കുന്നതിന് പ്രത്യേക അപേക്ഷഫാറവും, പ്രത്യേക ഫീസും നൽകേണ്ടതാണ്.
10. അപേക്ഷകൻ നിലവിൽ പൂർണ്ണമായും ശാന്തി ജോലി നോക്കുന്ന വ്യക്തിയായിരിക്കണം.സർക്കാർ/അർദ്ധ സർക്കാർ/മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർക്കോ, ബിസിനസ്സിലോ, മറ്റ് തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്നവർക്കോ അപേക്ഷ സമർപ്പിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
11. അപേക്ഷകന് സംസ്കൃത ഭാഷയിലും, ശബരിമല/മാളികപ്പുറം ക്ഷേത്രങ്ങളിലെ പ്രതിഷ്ഠാ സങ്കൽപ്പങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും തികഞ്ഞ അറിവുണ്ടായിരിക്കണം,ശൈവ സമ്പ്രദായത്തിലുള്ള ആഗമ ശാസ്ത്രവിധികളിലും ശബരിമല/മാളികപ്പുറംക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട തന്ത്ര ശാസ്ത്ര പ്രകാരമുള്ള ആരാധന ക്രമ

ങ്ങളിലും മന്ത്രങ്ങളിലും തികഞ്ഞ അവഗാഹമുണ്ടായിരിക്കണം. വേദമന്ത്രോച്ചാരണത്തിൽ സ്ഫുടതയും അക്ഷര ശുദ്ധിയും അർത്ഥബോധവും ഉണ്ടായിരിക്കണം.

12. അപേക്ഷയോടൊപ്പം അപേക്ഷകൻ ചുവടെ ചേർത്തിരിക്കുന്ന രേഖകളോടൊപ്പം നിർദ്ധിഷ്ട മാതൃകയിലുള്ള പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. രേഖകളുടെ പകർപ്പുകൾ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം

   1. അപേക്ഷകൻ മലയാള ബ്രാഹ്മണനാണെന്നും. കേരളത്തിൽ ജനിച്ച ആളാണെന്നും തെളിയിക്കുന്നതിനുള്ള വില്ലേജാഫീസറുടെ/തഹസിൽദാറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
   2. ജനനതീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്
   3. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
   4. 01.6.2013 മുതൽ ശാന്തി ജോലി നോക്കിയ ക്ഷേത്രത്തിലെ/ ക്ഷേത്രങ്ങളിലെ ജോലി പരിചയം തെളിയിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ക്ഷേത്ര ഭരണാധികാരിയുടെ പൂർണ്ണമായ പേര്, മേൽ വിലാസം, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം) അപേക്ഷകൻ ദേവസ്വം ബോർഡ് ശാന്തിക്കാരനാണെങ്കിൽ 01.06.2013 മുതൽ അദ്ദേഹം ജോലി ചെയ്തിരുന്ന ക്ഷേത്രങ്ങളും കാലയളവും സർവ്വീസ് ബുക്ക് വ്യക്തമായി പരിശോധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
   5. അപേക്ഷകൻ 01.06.2013 മുതൽ ജോലി ചെയ്തിരുന്ന ക്ഷേത്രങ്ങളിലെതന്ത്രിമാർ നൽകിയ പൂജാ കാര്യങ്ങളിലുള്ള പ്രാഗൽഭ്യത്തെ കുറിച്ചുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
   6. അപേക്ഷകൻ ഏതെങ്കിലും ക്രിമിനൽ കേസിൽ ഉൾപ്പെടുകയോ,ശിക്ഷിക്കപ്പെടുകയോ, സംശയത്തിന്റെ പേരിൽ വിട്ടയയ്ക്കുകയോ ചെയ്തിട്ടില്ലായെന്നുള്ള സ്ഥിരം മേൽവിലാസത്തിലേയും, ഇപ്പോഴത്തെ മേൽവിലാസം വ്യത്യസ്തമാണെങ്കിൽ അവിടത്തേയും അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

7. ദേവസ്വം ബോർഡുകളിലെ ശാന്തിക്കാരനാണെങ്കിൽ സേവന കാലയളവിൽ എന്തെങ്കിലും അച്ചടക്ക നടപടി നേരിടേണ്ടി വന്നിട്ടുണ്ടോ എന്നും അപ്രകാരം ഉണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള വിശദ വിവരവും കാണിക്കുന്ന അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. അപേക്ഷകന് അംഗ വൈകല്യം, ഗുരുതര രോഗങ്ങൾ എന്നിവ ഇല്ലായെന്നും ശാരീരിക ക്ഷമത, കാഴ്ച ശക്തി, കേൾവി ശക്തി എന്നിവയെ കുറിച്ചും സർക്കാർ സർവ്വീസിൽ ഉള്ള സിവിൽ സർജൻ ഗ്രേഡ്-1/അസിസ്റ്റന്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത ഡോക്ടറു ടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

13. എല്ലാ വർഷവും ജൂൺ മാസം അപേക്ഷ ക്ഷണിക്കുന്നതും, ജൂലൈ 20-ന് മുമ്പ് വിജിലൻസ് അന്വേഷണം നടത്തി യോഗ്യരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്. അപേക്ഷകർക്ക് പരാതിയുള്ള പക്ഷം ആയത് ജൂലൈ 25-ാം തീയതിയ്ക്കകം ദേവസ്വം ബോർഡിൽ സമർപ്പിക്കാവുന്നതാണ്. വിജിലൻസ് അന്വേഷണ റിപ്പോർട്ടിൻമേൽ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിച്ച് കൊണ്ട് ജൂലൈ 31-ാം തീയതിയ്ക്ക് മുമ്പ് ബോർഡിൽ നിന്നും തീരുമാനമെടുക്കുന്നതും ഓഗസ്റ്റ് ആദ്യവാരം കൂടി കാഴ്ച നടത്തുന്നതും അവസാന ദിവസം ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്.

14. സെലക്ഷൻ സംബന്ധിച്ചുള്ള റിക്കാർഡുകൾ ദേവസ്വം കമ്മീഷണറുടെ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുന്നതാണ്.

15. അറുപത് ശതമാനവും, അതിൽ കൂടുതലും മാർക്ക് നേടിയിട്ടുള്ളവരെ മുഴുവൻ ഉൾപ്പെടുത്തി നിലവിലുള്ള രീതിയിൽ നറുക്കെടുപ്പ് നടത്തുന്നതാണ്.

16. തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ ദേവസ്വം ബോർഡ് പ്രസിഡന്റ് ചെയർമാൻ ആയിരിക്കും, ബോർഡിലെ രണ്ട് മെമ്പർമാർ, ദേവസ്വം കമ്മീഷണർ, എന്നിവർ അംഗങ്ങൾ ആയിരിക്കും. ബോർഡ് ഔദ്യോഗിക അംഗങ്ങളെ കൂടാതെ താഴമൺ മഠത്തിലെ ഏറ്റവും മുതിർന്ന തന്ത്രി, ശബരിമല ദേവസ്വം മുൻവർഷത്തെ/മുറയുള്ള തന്ത്രി എന്നിവരും അംഗങ്ങളായിരിക്കും. മേൽപറഞ്ഞ രണ്ട് തന്ത്രിമാരെ കൂടാ തെ പുറമേയുള്ള മറ്റൊരു തന്ത്രിയും സെലക്ഷൻ കമ്മിറ്റിയിൽ അംഗമായിരിക്കും. പ്രസ്തുത തന്ത്രിയെ തെരഞ്ഞെടുക്കുന്നതിന് താഴ്മൺ ഇല്ലത്തിൽ നിന്നും നിർദേശിക്കുന്ന

മൂന്ന് പേരെ കൂടി ഉൾപ്പെടുത്തി ദേവസ്വം ബോർഡ് പത്ത് പേരടങ്ങുന്ന ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത ലിസ്റ്റ് പന്തളം രാജകുടുംബത്തിലെ മുതിർന്ന രാജാവിന് നൽകേണ്ടതും അതിൽ നിന്നും മുതിർന്ന രാജാവ് തെരഞ്ഞെടുത്ത് നൽകുന്ന അഞ്ച് പേരുടെ ലിസ്റ്റ് താഴ്മൺ ഇല്ലത്തേയ്ക്ക് കൈമാറുന്നതും, ടി അഞ്ച് പേരിൽ നിന്നും ഒരാളുടെ പേര് താഴ്മൺ ഇല്ലത്തിലെ മുതിർന്ന തന്ത്രി തെരഞ്ഞെടുക്കേണ്ടതും ആയത് ദേവസ്വം ബോർഡിനെ അറിയിക്കേണ്ടതുമാണ്. അത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന തന്ത്രിയെ പുറമേയുള്ള തന്ത്രിയായി സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതാണ്. തന്ത്രി കുടുംബത്തിൽ നിന്നും നിർദ്ദേശിക്കപ്പെടേണ്ട മൂന്ന് പേരുകൾ തന്ത്രി കുടുംബത്തിൽ നിന്നും നിർദ്ദേശിക്കപ്പെടാതിരുന്നാൽ ദേവസ്വം ബോർഡിന് 10 പേരടങ്ങുന്ന ലിസ്റ്റ് സ്വയമേവ തയ്യാറാക്കി സീനിയർ രാജാവിന് അയച്ച് കൊടുക്കാവുന്നതും അതുപോലെ തന്നെ പന്തളം കുടുംബത്തിലേയ്ക്ക് അയച്ച് കൊടുക്കുന്ന പേരുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടേണ്ട ആളിന്റെ പേര് ഒരാഴ്ചയ്ക്കുള്ളിൽ നിർദ്ദേശിക്കപ്പെടാത്ത പക്ഷം ദേവസ്വം ബോർഡിന് താഴമൺ ഇല്ലത്തിലെ മുതിർന്ന തന്ത്രിയോട് പത്ത് പേരിൽ നിന്നും ഒരാളെ നിർദ്ദേശിക്കുവാൻ അഭ്യർത്ഥിക്കാവുന്നതും അത്തരത്തിൽ നിർദേശിക്കപ്പെടുന്ന ആളിനെ പുറമേയുള്ള തന്ത്രിയായി സെലക്ഷൻ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതുമാണ്. അതുപോലെ തന്നെ പന്തളം രാജ കുടുംബത്തിൽ നിന്നും നിർദ്ദേശി ക്കുന്ന അഞ്ച് പേരുടെ ലിസ്റ്റിൽ ഒരാളെ താഴ്മൺ ഇല്ലം ഒരാഴ്ചയ്ക്കുള്ളിൽ നിർദ്ദേശിക്കപ്പെടാത്ത പക്ഷം ദേവസ്വം ബോർഡിന് ഈ ലിസ്റ്റിൽ നിന്നും ഒരാളെ തെരഞ്ഞെടുക്കാവുന്നതും അദ്ദേഹത്തെ പുറമേയുള്ള തന്ത്രിയായി സെലക്ഷൻ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

17. കൂടി കാഴ്ചയ്ക്ക് നൽകാവുന്ന പരമാവധി മാർക്കിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശൈവസമ്പ്രദായത്തിലുള്ള ആഗമ ശാസ്ത്ര വിധികളിലും അതുമായും ശബരിമല ക്ഷേത്രവുമായും ബന്ധപ്പെട്ട തന്ത്ര ശാസ്ത്ര പ്രകാരമുള്ള ആരാധനാ ക്രമങ്ങളിലുള്ള അറിവിന്- താഴമൺ മഠം തന്ത്രിമാർ | 30 മാർക്ക് |
| 2. | സംസ്കൃത ഭാഷയിലെ പ്രാവീണ്യം വേദ മന്ത്രോച്ചാരണങ്ങളിലെ സ്ഫുടത, ആചാരാനുഷ്ഠാനങ്ങളിലെ പ്രാവീണ്യം, എന്നിവയ്ക്ക് പുറത്ത് നിന്നും നിർദ്ദേശിക്കുന്ന | 30 മാർക്ക് |

| | | |
|---|---|---|
| | തന്ത്രിയ്ക്ക് അനുവദിക്കാവുന്ന മാർക്ക് | |
| 3. | പൊതു വിജ്ഞാനം ബഹുമാനപ്പെട്ട ബോർഡ് പ്രസിഡന്റ്, രണ്ട് മെമ്പർമാർ, ദേവസ്വം കമ്മീഷണർ എന്നിവർക്ക് അനുവദിക്കാവുന്ന പരമാവധി മാർക്ക് | 30 മാർക്ക് |
| | ആകെ | 90 |

18. ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ അതത് വിഭാഗങ്ങൾക്ക് പ്രത്യേകം മാർക്ക് നിശ്ചയിക്കേണ്ടതും അതത് വിഭാഗത്തിലെ ശരാശരിയുടെ അടിസ്ഥാനത്തിൽ അന്തിമ മാർക്ക് കണക്കാക്കി ലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്.

19. ശബരിമല/മാളികപ്പുറം മേൽശാന്തിമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ ശബരിമല സന്നിധാനത്ത് തന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും സ്ഥലത്ത് സേവന കാലം മുഴുവൻപുറപ്പെടാശാന്തിയായിതാമസിക്കേണ്ടതാണ്.അവരുടെ അടിസ്ഥാന താമസ സൗകര്യങ്ങൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഏർപ്പെടുത്തുന്നതാണ്.

20.ശബരിമല/മാളികപ്പുറം മേൽശാന്തിമാരുടെ നറുക്കെടുപ്പ് തുലാമാസം ഒന്നാം തീയതി നടത്തുന്നതാണ്.

21.തെരഞ്ഞെടുക്കപ്പെടുന്ന മേൽശാന്തിമാർ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് ദേവസ്വം കമ്മീഷണറുടെ പേർക്ക് ഒരു ബോണ്ട് വയ്ക്കേണ്ടതും ബോർഡ് നിശ്ചയിച്ചിട്ടുള്ള സെക്യൂരിറ്റി തുക അടയ്ക്കേണ്ടതുമാണ്. ബോണ്ടിലെ വ്യവസ്ഥകൾ സേവന കാലം മുഴുവൻ ബാധകമായിരിക്കും

22. 30.06.2024 വൈകുന്നേരം 5.00 മണിക്ക് മുമ്പായി അപേക്ഷ ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കേണ്ടതാണ്.

23. മേൽശാന്തിമാരുടെ നിയമനാധികാരി ദേവസ്വം കമ്മീഷണർ ആയിരിക്കും.

ദേവസ്വം കമ്മീഷണർ in charge

DEPUTY DEVASWOM COMMISSIONER
PENSION & SERVICE GRIEVENCE
REDRESSAL CELL
DEVASWAM COMMISSIONER OFFICE

## മാളികപ്പുറം മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിബന്ധനകളിലെ ഖണ്ഡിക നാല് പ്രകാരമുള്ള പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്.

| | | |
|---|---|---|
| 1 | പേര് | |
| 2. | വയസ്സ് | |
| 3. | മേൽ വിലാസം | |

4. സേവനം നടത്തിയ ക്ഷേത്രങ്ങളെ സംബന്ധിച്ച വിവരം

| ക്ഷേത്രം/ ദേവസ്വം വിലാസം | സേവന കാലയളവ് | | സേവനത്തെ സംബന്ധിച്ച വിവരം (തൃപ്തികരം/തൃപ്തികരമല്ല) | എന്തെങ്കിലും ആരോപണം നേരിട്ടിട്ടുണ്ടോ/ നേരിടുന്നുണ്ടോ എന്നവിവരം | ശിക്ഷണ നടപടികൾ നേരിട്ടിട്ടുണ്ടോ? വിശദ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|
| | മുതൽ | വരെ | | | | |
| | | | | | | |

.................... എന്ന മേൽ അപേക്ഷകൻ രണ്ട് നേരം നട തുറക്കുന്നതും മൂന്ന് പൂജകൾ ഉള്ളതും എല്ലാ ദിവസവും പൊതുജനങ്ങൾക്ക് ദർശനാവസരം നൽകുന്നതുമായ ദേവസ്വങ്ങളിൽ 12 വർഷത്തിൽ 10 വർഷം തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ളതാണെന്ന് എന്റെപരിശോധനയിൽ തെളിഞ്ഞിട്ടുള്ളതാണ്. (സാക്ഷ്യപത്രം നൽകുന്നതിന് മുമ്പ് ശബരിമല/മാളികപ്പുറം മേൽശാന്തി നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച കൊല്ലവർഷം 1201-ലെ മാനദണ്ഡം നിബന്ധന 4-ലെ വസ്തുതകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.)

മേൽ പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും അന്വേഷണത്തിലും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സബ്ഗ്രൂപ്പാഫീസർ/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(പൂർണ്ണമായ പേരും, പദവിയും)

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/
ക്ഷേത്ര അധികാരി
(പൂർണ്ണമായ പേരും, പദവിയും, ഓഫീസ് സീലും)

NB: പ്രൈവറ്റ് ക്ഷേത്രങ്ങളിൽ ജോലി നോക്കിയ കാലയളവിലെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് പ്രത്യേകം ഹാജരാക്കേണ്ടതാണ്.

## <u>ശബരിമല മേൽശാന്തിമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിബന്ധനകളിലെ ഖണ്ഡിക നാല് പ്രകാരമുള്ള പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്.</u>

| | | |
|---|---|---|
| 1 | പേര് | |
| 2. | വയസ്സ് | |
| 3. | മേൽ വിലാസം | |

4. സേവനം നടത്തിയ ക്ഷേത്രങ്ങളെ സംബന്ധിച്ച വിവരം

| ക്ഷേത്രം/ ദേവസ്വം വിലാസം | സേവന കാലയളവ് | | സേവനത്തെ സംബന്ധിച്ച വിവരം (തൃപ്തികരം/തൃപ്തികരമല്ല) | എന്തെങ്കിലും ആരോപണം നേരിട്ടിട്ടുണ്ടോ/ നേരിടുന്നുണ്ടോ എന്നവിവരം | ശിക്ഷണ നടപടികൾ നേരിട്ടിട്ടുണ്ടോ? വിശദ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|
| | മുതൽ | വരെ | | | | |
| | | | | | | |

.................. എന്ന മേൽ അപേക്ഷകൻ രണ്ട് നേരം നട തുറക്കുന്നതും മൂന്ന് പൂജകൾ ഉള്ളതും എല്ലാ ദിവസവും പൊതുജനങ്ങൾക്ക് ദർശനാവസരം നൽകുന്നതുമായ ദേവസ്വങ്ങളിൽ 12 വർഷത്തിൽ 10 വർഷം തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ളതാണെന്ന് എന്റെപരിശോധനയിൽ തെളിഞ്ഞിട്ടുള്ളതാണ്. (സാക്ഷ്യപത്രം നൽകുന്നതിന് മുമ്പ് ശബരിമല/മാളികപ്പുറം മേൽശാന്തി നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച കൊല്ലവർഷം 1201-ലെ മാനദണ്ഡം നിബന്ധന 4-ലെ വസ്തുതകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.)

മേൽ പറഞ്ഞ വസ്തുതകൾ എന്റെ അറിവിലും അന്വേഷണത്തിലും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സബ്ഗ്രൂപ്പാഫീസർ/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(പൂർണ്ണമായ പേരും, പദവിയും)

അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/
ക്ഷേത്ര അധികാരി
(പൂർണ്ണമായ പേരും, പദവിയും, ഓഫീസ് സീലും)

NB: പ്രൈവറ്റ് ക്ഷേത്രങ്ങളിൽ ജോലി നോക്കിയ കാലയളവിലെ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് പ്രത്യേകം ഹാജരാക്കേണ്ടതാണ്.

Affix Recent Passport Size Photo

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം- 695003

മാളികപ്പുറം ദേവസ്വത്തിലെ കൊല്ലവർഷം 1201-ലെ മേൽശാന്തി നിയമനം

## അപേക്ഷാഫാറം

മേൽശാന്തിയായി അപേക്ഷിക്കുന്ന ദേവസ്വത്തിന്റെ പേര്

| |
|---|
| |

**1.** അപേക്ഷകന്റെ പൂർണ്ണമായ പേര് :

| |
|---|
| |

**2.** സ്ഥിരമായ മേൽവിലാസം

| | |
|---|---|
| വീട്ടുപേര് | |
| വീട്ടുനമ്പർ, വാർഡ് നമ്പർ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | |
| പോസ്റ്റ് ഓഫീസ്/പിൻകോഡ് | |
| ദേശം/കര,വില്ലേജ്,താലൂക്ക്,ജില്ല | |
| ലാന്റ് ഫോൺ നമ്പർ (STD) കോഡ് അടക്കം | |
| മൊബൈൽ നമ്പർ | |

**3.** ഇപ്പോഴത്തെ താമസസ്ഥലം :

| | |
|---|---|
| വീട്ടുപേര് | |
| വീട്ടുനമ്പർ, വാർഡ് നമ്പർ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | |
| പോസ്റ്റ് ഓഫീസ്/പിൻകോഡ് | |
| ദേശം/കര,വില്ലേജ്,താലൂക്ക്,ജില്ല | |
| ലാന്റ് ഫോൺ നമ്പർ (STD) കോഡ് അടക്കം | |
| മൊബൈൽ നമ്പർ | |

4. അപേക്ഷകന്റെ പിതാവിന്റെ പേര് :

5. അപേക്ഷകന്റെ ജാതി :

6. ജന്മദേശം, താലൂക്ക്, ജില്ല:

7. 1201 ചിങ്ങം 1 നു പൂർത്തിയായ വയസ്സ്, ജനന തീയതി

| | | | | |
|---|---|---|---|---|
| | | | | |

8. വിദ്യാഭ്യാസ യോഗ്യതകൾ:

| നം | യോഗ്യത | രജിസ്റ്റർ നമ്പർ | പാസ്സായ വർഷം |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |

9. ഇപ്പോൾ ജോലി ചെയ്യുന്ന ക്ഷേത്രത്തിന്റെ പേരും, മേൽവിലാസവും, എന്നു മുതൽ ജോലി ചെയ്യുന്നു എന്നും :

10. ശാന്തി ജോലിയിൽ 01/06/2013 മുതലുള്ള പരിചയം സംബന്ധിച്ച വിവരങ്ങൾ:

| നം | കാലയളവ് FROM | TO | ക്ഷേത്രത്തിന്റെ പേര്, സ്ഥലം, ജില്ല |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |
| 6. | | | |
| 7. | | | |
| 8. | | | |
| 9. | | | |
| 10. | | | |
| 11. | | | |
| 12. | | | |

11. അപേക്ഷകൻ ക്രിമിനൽ കേസ്സിൽ ഉൾപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ, സംശയത്തിന്റെ ആനുകൂല്യത്തിൽ വെറുതെ വിടുകയോ ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം :

12. ദേവസ്വം ബോർഡിൽ ജോലി ചെയ്യുന്ന ശാന്തിക്കാരൻ ആണെങ്കിൽ ഏതെങ്കിലും വകുപ്പ് തല അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം :

13. അപേക്ഷകൻ മുമ്പ് ഏതെങ്കിലും ഗുരുതരമായ അസുഖങ്ങൾക്ക് ചികിത്സ തേടിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം:

14. ഡിമാന്റ് ഡ്രാഫ്റ്റിന്റെ വിവരങ്ങൾ:

| DD NO: | | തീയതി | |
|---|---|---|---|
| ബാങ്ക് | | ബ്രാഞ്ച് | |

<u>സത്യവാങ്ങ്മൂലം</u>

ഈ അപേക്ഷയിൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും എന്റെ അറിവിലും, വിശ്വാസത്തിലും സത്യമാണ്. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ രേഖകളും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സ്ഥലം :
തീയതി:

അപേക്ഷകന്റെ ഒപ്പ്
പേര്:

AR.

Affix Recent Passport Size Photo

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം-695003

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1201-ലെ മേൽശാന്തി നിയമനം

## അപേക്ഷാഫാറം

മേൽശാന്തിയായി അപേക്ഷിക്കുന്ന ദേവസ്വത്തിന്റെ പേര്

| |
|---|
| |

1. അപേക്ഷകന്റെ പൂർണ്ണമായ പേര് :

| |
|---|
| |

2. സ്ഥിരമായ മേൽവിലാസം

| | |
|---|---|
| വീട്ടുപേര് | |
| വീട്ടുനമ്പർ, വാർഡ് നമ്പർ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | |
| പോസ്റ്റ് ഓഫീസ്/പിൻകോഡ് | |
| ദേശം/കര,വില്ലേജ്,താലൂക്ക്,ജില്ല | |
| ലാന്റ് ഫോൺ നമ്പർ (STD) കോഡ് അടക്കം | |
| മൊബൈൽ നമ്പർ | |

3. ഇപ്പോഴത്തെ താമസസ്ഥലം :

| | |
|---|---|
| വീട്ടുപേര് | |
| വീട്ടുനമ്പർ, വാർഡ് നമ്പർ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | |
| പോസ്റ്റ് ഓഫീസ്/പിൻകോഡ് | |
| ദേശം/കര,വില്ലേജ്,താലൂക്ക്,ജില്ല | |
| ലാന്റ് ഫോൺ നമ്പർ (STD) കോഡ് അടക്കം | |
| മൊബൈൽ നമ്പർ | |

4. അപേക്ഷകന്റെ പിതാവിന്റെ പേര് :

| |
|---|
| |

5. അപേക്ഷകന്റെ ജാതി :

| |
|---|
| |

6. ജന്മദേശം, താലൂക്ക്, ജില്ല:

| |
|---|
| |

7. 1201 ചിങ്ങം 1 നു പൂർത്തിയായ വയസ്സ്, ജനന തീയതി

| | | | | |
|---|---|---|---|---|
| | | | | |

8. വിദ്യാഭ്യാസ യോഗ്യതകൾ:

| നം | യോഗ്യത | രജിസ്റ്റർ നമ്പർ | പാസ്സായ വർഷം |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |

9. ഇപ്പോൾ ജോലി ചെയ്യുന്ന ക്ഷേത്രത്തിന്റെ പേരും, മേൽവിലാസവും, എന്നു മുതൽ ജോലി ചെയ്യുന്നു എന്നും :

| |
|---|
| |

10. ശാന്തി ജോലിയിൽ 01/06/2013 മുതലുള്ള പരിചയം സംബന്ധിച്ച വിവരങ്ങൾ:

| നം | കാലയളവ് FROM TO | ക്ഷേത്രത്തിന്റെ പേര്, സ്ഥലം, ജില്ല |
|---|---|---|
| 1. | | |
| 2. | | |
| 3. | | |
| 4. | | |
| 5. | | |
| 6. | | |
| 7. | | |
| 8. | | |
| 9. | | |
| 10. | | |
| 11. | | |
| 12. | | |

11. അപേക്ഷകൻ ക്രിമിനൽ കേസ്സിൽ ഉൾപ്പെടുകയോ, ശിക്ഷിക്കപ്പെടുകയോ, സംശയത്തിന്റെ ആനുകൂല്യത്തിൽ വെറുതെ വിടുകയോ ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം :

12. ദേവസ്വം ബോർഡിൽ ജോലി ചെയ്യുന്ന ശാന്തിക്കാരൻ ആണെങ്കിൽ ഏതെങ്കിലും വകുപ്പ് തല അച്ചടക്ക നടപടികൾക്ക് വിധേയനായിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം :

13. അപേക്ഷകൻ മുമ്പ് ഏതെങ്കിലും ഗുരുതരമായ അസുഖങ്ങൾക്ക് ചികിത്സ തേടിയിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദ വിവരം:

14. ഡിമാന്റ് ഡ്രാഫ്റ്റിന്റെ വിവരങ്ങൾ:

| DD NO: | | തീയതി | |
|---|---|---|---|
| ബാങ്ക് | | ബ്രാഞ്ച് | |

## സത്യവാങ്മൂലം

ഈ അപേക്ഷയിൽ മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും എന്റെ അറിവിലും, വിശ്വാസത്തിലും സത്യമാണ്. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള എല്ലാ രേഖകളും ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സ്ഥലം :
തീയതി:

അപേക്ഷകന്റെ ഒപ്പ്
പേര്:

AR.